<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3909</u>
<u>31.01.2014 - ൽ മറുപടി പറയേണ്ടത്</u>

<u>കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ ട്രഷറി</u>

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>(ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| *(എ)* | സംസ്ഥാനത്ത് ട്രഷറിയുടെ നവീകരണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ഉണ്ട്. പ്രധാനമായും രണ്ട് പദ്ധതികൾ.<br>1) <u>അടിസ്ഥാന സൗകര്യ വികസനം</u> - പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണവും. നടന്നു വരുന്നു.<br>2) <u>ട്രഷറികളുടെ ആധുനികവത്ക്കരണം</u> - ഇതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(i) ഇ-ട്രഷറി-നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചു കൊണ്ട് സംസ്ഥാന ഖജനാവിലേക്ക് എവിടെ നിന്നും ഏതു സമയത്തും പണം ഒടുക്കാൻ കഴിയുന്ന പദ്ധതിയാണിത് ഉടൻ തന്നെ ഇത് പ്രാവർത്തികമാകും.<br>(ii) കോർബാങ്കിംഗ് - സേവിംഗ്സ് ബാങ്ക് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോർ ബാങ്കിംഗ് ട്രഷറികളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അയത് നടപ്പിലാക്കാൻ ആവശ്യമായ സോഫ്റ്റ് വെയർ നിർമ്മാണം അവസാന ഘട്ടത്തിലാണ്.<br>(iii) ഇ-സ്റ്റാമ്പിംഗ് - രജിസ്ട്രേഷൻ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനാവശ്യമായ സോഫ്റ്റ് വെയറിന്റെ നിർമ്മാണം പൂർത്തിയായി കഴഞ്ഞു. ഇതു നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ആക്ടിലും സ്റ്റാമ്പ് റൂളിലും വരുത്തേണ്ടുന്ന ഭേദഗതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| | | (iv) <u>ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് സിസ്റ്റം</u> - സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കത്തക്ക രീതിയിൽ ഫണ്ടുകളുടെ വിതരണം മോണിറ്റർ ചെയ്യുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവുമായി നിർവഹിക്കുന്നതിനുമായി ട്രഷറി വകുപ്പ്, ധനകാര്യ വകുപ്പ്, റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ തുടങ്ങിയ വ്യത്യസ്തങ്ങളായ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന തരത്തിൽ ആധുനിക കമ്പ്യൂട്ടർവത്കൃത ട്രഷറി മാനേജ്മെന്റ് സിസ്റ്റം കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അനുമതി നേടിയിട്ടുണ്ട്. |
| *(ബി)* | എ.ടി.എം. അടക്കമുള്ള സൗകര്യങ്ങൾ ട്രഷറികളോടനുബന്ധിച്ച് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | നടപടികൾ സ്വീകരിച്ചു വരുന്നു. |
| *(സി)* | കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പുതുതായി ട്രഷറി തുടങ്ങുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇല്ല. |

**സെക്ഷൻ ഓഫീസർ.**